# റിപ്പബ്ലിക് ഓഫ് കൊറിയക്ക് ആഗമന സമയത്ത്  - ടൂറിസ്റ്റ് വിസ ദീര്ഘിപ്പിച്ചു

ഏപ്രില്  16, 2014

റിപ്പബ്ലിക് ഓഫ് കൊറിയയില് നിന്നും എത്തുന്ന വിനോദസഞ്ചാരികള്ക്ക് എത്തുന്നത് അനുസരിച്ച് ടൂറിസ്റ്റ് വിസ ലഭിക്കുന്ന സൗകര്യം ഏപ്രില് പതിനഞ്ചു മുതല് പ്രാബല്യത്തില് വരുന്ന തരത്തില് (ഏപ്രില്  15, 2014) ദീര്ഘിപ്പിച്ചു.   സൌത്ത് കൊറിയയിലെ പ്രസിഡണ്ട് മാഡം പാര്ക്ക് ഗിയുന് - ഹൈ, ജനുവരി 2014 ല്  ഇന്ത്യ സന്ദര്ശിച്ച വേളയില് , പ്രധാനമന്ത്രികൊടുത്ത ഉറപ്പാണിത് .
ഡെല്ഹി, മുംബൈ , ചെന്നൈ, കൊല്ക്കത്ത , ബംഗളൂര്, ഹൈദരാബാദ് , തിരുവനന്തപുരം , കൊച്ചി  എയര്പോര്ട്ടുകളില് നിന്നും അമേരിക്കന് ഡോളര്  60 അല്ലെങ്കില് അതിനു തുല്യമായ ഇന്ത്യന് രൂപയും ഫീസ് ആയി കൊടുത്താല് , ആഗമനത്തിനു അനുസരിച്ച് ഏറ്റവും കൂടുതല് കാലാവധി മുപ്പതു ദിവസം ഉള്ള വിസ ഏക ജാലക സൌകര്യത്തിലൂടെ ലഭ്യമാകുന്നത് .
 സ്വാഭാവികമായും, ഇന്ത്യയിലേക്ക് അവര് പുറപ്പെടും മുന്പു വിനോദ സഞ്ചാരികള്ക്ക്  അവര് ആഗ്രഹിക്കുന്നതിന് അനുസരിച്ച്  വിനോദയാത്രക്കാര്ക്ക് വിസകള് ഇന്ത്യയുടെയും സിയോളിലെയും എംബസികളില് നിന്നും വിസകള് ലഭിക്കുവാന് സാധിക്കുന്നത് തുടരും.

നയതന്ത്ര / ഔദ്യോഗിക പാസ്പോര്ട്ടുകള് എന്നിവ കൈവശം ഉള്ളവര്ക്ക് ഈ സൗകര്യം  ബാധകമല്ല .  ഇരു രാജ്യങ്ങളിലെയും നിലവിലുള്ള കരാറുകള്ക്കു  അനുസരിച്ച്  അവര് യാത്ര ചെയ്യുന്ന രീതി  തുടരും.

ന്യൂഡെല്ഹി
ഏപ്രില് 16, 2014